**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 237** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഹോംകോയുടെ പ്രവർത്തനങ്ങളും വിപുലീകരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ കേരള സംസ്ഥാന ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകോ) യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹോംകോയുടെ നിലവിലെ ഫാക്ടറി GMP ഗുണനിലവാരത്തിലേക്ക് എത്തിക്കുന്നതുമായി ബന്ധപ്പെട്ട് Water Treatment Plant relocation നടത്തി recommissioning ചെയ്തു. E-Office സംവിധാനം നടപ്പിലാക്കി. ERP (Entrepreneur Resource Software) implement ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഉൽപ്പാദനം ത്വരിതഗതിയിലാക്കുന്നതിനായി നിലവിലെ 60 KVA ജനറേറ്റർ കൂടാതെ 320 KVA ഒരു ജനറേറ്റർ കൂടി വാങ്ങി കമ്മിഷൻ ചെയ്തിട്ടുണ്ട്. പുതിയ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കുന്നതിനായി ലൈസൻസ് ലഭ്യമാക്കുകയും ആയത് ഈ സാമ്പത്തിക വർഷം തന്നെ ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഹോംകോയുടെ ഏറ്റവും കൂടിയ ടേൺഓവർ 41.25 കോടി കൈവരിക്കാൻ സാധിച്ചതും ലാഭ വിഹിതം 13.97കോടി കൈവരിച്ചതും നിലവിലെ സർക്കാരിന്റെ കാലത്താണ്.(2023-24)<br><br>കോവിഡും കോവിഡാനന്തര പ്രശ്നങ്ങളും കാരണം പുതിയ കെട്ടിടത്തിന്റെ പണി നിർത്തിവച്ചിരുന്നത് നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം വലിയ കലവൂരിലുള്ള പുതിയ ഫാക്ടറി കെട്ടിടം പണി പുനഃരാരംഭിക്കുകയും cGMP സ്പെസിഫിക്കേഷനോട്ടുകൂടിയ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രർത്തികളും നടപടികളും ത്വരിതഗതിയിലാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ഫാക്ടറി കെട്ടിടത്തിലേക്കുള്ള മെഷിനറികൾ വാങ്ങുകയും നിലവിൽ ടാബ്ലറ്റ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള മെഷിനറികൾ സ്ഥാപിക്കുകയും ചെയ്തു. പുതിയ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുന്നതോടെ ഹോംകോയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും കേരള |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിനകത്ത് മരുന്നു വിതരണത്തോടൊപ്പം അന്യ സംസ്ഥാന ഓർഡറുകളും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുന്നതുമാണ്. 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കാവുന്ന പദ്ധതികളിൽ ടി ഫാക്ടറിയുടെ കമ്മിഷനിംഗം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനം വിപുലീകരിക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിൽ കൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനത്തിന് നാളിതുവരെ സർക്കാർ സഹായമായി എത്ര തുകനൽകി എന്നും എത്ര തുക ചെലവഴിച്ചു എന്നും വിശദമാക്കാമോ? | (സി) | 4,18,47,924 /- രൂപ നാളിതുവരെ കേരള സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ളതും ആയത് ചെലവഴിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ